പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാഫീസ്, ഹോസ്റ്റൽ താമസച്ചെലവ് എന്നിവ അനുവദിച്ചുവരുന്നു.

(ബി) സാമൂഹ്യ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ/ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ചുവരുന്നു.

ശൗചാലയ നിർമ്മാണത്തിന് ധനസഹായം

21 (*651) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ശൗചാലയ നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) അർഹരായവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(സി) മുൻകാലങ്ങളിൽ വീടുവയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ഇതിന് അർഹതയുണ്ടാകുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ശൗചാലയം നിർമ്മിക്കുന്ന പദ്ധതി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി രണ്ട് സാമ്പത്തികവർഷങ്ങളിലും 25000 പേർക്ക് വീതം ആകെ 50000 പേർക്ക് 25,000 രൂപ നിരക്കിൽ നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വാസയോഗ്യമായ വീടുള്ളതും ശുചിത്വമുള്ള ടോയ്ലറ്റ് ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളെയാണ് ടോയ്ലറ്റ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനായി തെരഞ്ഞെടുക്കുന്നത്.

(സി) മുൻകാലങ്ങളിൽ വീടുവയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവരിൽ വാസയോഗ്യമായ വീടുള്ളതും ശുചിത്വമുള്ള ടോയ്ലറ്റ് ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly